## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇ.മെ.സ. വകുപ്പ് – സ്ഥാപനക്കാര്യം –എംപാനൽ ചെയ്ത ആശുപത്രിയിലെ ബില്ലുകൾ, ഐ.പി.കളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ, ചികിത്സ അഡ്വാൻസ് ബില്ലുകൾ, മറ്റ് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന്, വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ ദിനവേതന വ്യവസ്ഥയിൽ ക്ലർക്കിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 23.03.2017-ലെ ഇ$_2$-16539/15/ഡി.ഐ.എം.എസ്. നമ്പർ ഉത്തരവ്

ഉത്തരവ് നമ്പർ. ഇ$_2$-16539/2015/ഡി.ഐ.എം.എസ്. | തീയതി: 21.07.2017

വകുപ്പിൽ നിന്ന് വിരമിച്ച പരിചയസമ്പന്നരായ ക്ലർക്ക്/ഫാർമസിസ്റ്റുമാരെ ദിവസവേതന വ്യവസ്ഥയിൽ വിവിധ സ്ഥാപനങ്ങളിൽ താത്ക്കാലികമായി നിയമിക്കുന്നതിന് 21.03.2017-ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറേറ്റിൽവച്ച് അഭിമുഖം നടത്തുകയുണ്ടായി. ഈ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരാമർശ ഉത്തരവുപ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിയമനം നൽകുകയും ചെയ്തിരുന്നു. എന്നാൽ വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ നിയമനം ലഭിച്ച, വിരമിച്ച സീനിയർ ക്ലർക്ക് ശ്രീ. എച്ച്. യൂസുഫ് കുഞ്ഞ് ജോലിക്ക് ഹാജരായിട്ടില്ല എന്ന് വടവാതൂർ ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുതിയതായി ആളെ തിരഞ്ഞെടുക്കുന്നതിന് 27.06.2017-ന് വീണ്ടും അഭിമുഖം നടത്തുകയുണ്ടായി. ഈ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട താഴെപ്പറയുന്ന വ്യക്തിയെ വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി ഷേർളി വി.റ്റി., ഇന്ദീവരം, കുറിച്ചി പി.ഒ., കോട്ടയം .

ഈ നിയമനം പരമാവധി 179 ദിവസത്തേക്കാണെങ്കിലും വകുപ്പ് മേധാവിക്ക് യുക്തമെന്നു തോന്നുന്നപക്ഷം മുൻകൂർ നോട്ടീസില്ലാതെ തന്നെ പിരിച്ചുവിടുന്നതാണ്.

ശ്രീമതി ഷേർളി വി.റ്റി., ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം വടവാതൂർ ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ട് മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ.
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീമതി ഷേർളി വി.റ്റി.,
ഇന്ദീവരം,
കറിച്ചി പി.ഒ., കോട്ടയം

പകർപ്പ്:-
1. മേഖല ഡെപ്യൂട്ടി ഡയറക്ടർ,ഐ.എം.എസ്., ദക്ഷിണ മേഖല, കൊല്ലം
2. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, വടവാതൂർ
3. വെബ് സൈറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്